NSS HS. Kattoor

# ACADEMIC MASTER PLAN.

2025 - 2026

## അടിസ്ഥാന വിവരങ്ങൾ.

വിദ്യാലയത്തിന്റെ പേര് : എൻ. എസ്. എസ്. എച്ച്. എസ്. കാട്ടൂർ
വിലാസം : കാട്ടൂർ. പി.ഒ. കോഴഞ്ചേരി.
ഇ.മെയിൽ : kattoornsshs@gmail.com.
ഫോൺ : 9447100570
വില്ലേജ് : ചെറുകോൽ
താലൂക്ക് : റാന്നി

## ആമുഖം

ചെറുകോൽ പഞ്ചായത്തിൽ എൻ. എസ്. എസ്. മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ 1950-ൽ സ്ഥാപിച്ചതാണ്. 5 മുതൽ 10 വരെ ക്ലാസ്സുകളാണ് ഇവിടെ ഉള്ളത്.

ഈശ്വരചിന്ത മതനിരപേക്ഷ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി ഇവിടെ എത്തുന്ന എല്ലാ കുട്ടികൾക്കും സൗജന്യവും ഉന്നതവുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വരുന്ന മാറ്റങ്ങൾ കാലാനുസൃതമായി ഉൾക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങളാണ് സ്കൂളിൽ നടത്തിവരുന്നത്. പഠനത്തോടൊപ്പം സമൂഹത്തിലെ നന്മ തിന്മകളെ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു വിദ്യാലയ അന്തരീക്ഷമാണ് ഇവിടെ ഉള്ളത്.

## ലക്ഷ്യങ്ങൾ

1. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
2. അദ്ധ്യാപനവും അദ്ധ്യയനവും വിജ്ഞാനപ്രദവും രസകരവും ആകുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
3. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് എല്ലാ പിന്തുണയും നൽകുക.
4. ഭാഷാശേഷി വികസനം.
5. ഐ. ടി. പഠനം കാര്യക്ഷമമാക്കൽ
6. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളുടെ പങ്കാളിത്തം
7. പച്ചക്കറിത്തോട്ടം
8. പഠനയാത്രകൾ
9. ദിനാചരണങ്ങൾ
10. PTA യുടെ പങ്കാളിത്തം.
11. ആരോഗ്യ കായിക വിദ്യാഭ്യാസം.

മലയാളം. പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാഫല്യം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസം വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി നേടിയെടുക്കുക. | അക്ഷര കാർഡും, ചിത്ര കാർഡും ഉപയോഗിക്കൽ. | June - Aug. | മലയാളം അദ്ധ്യാപിക | |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | ക്ലാസ്സ് വായന<br>ലൈബ്രറി നവീകരണം<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം. | June - March. | മലയാളം അദ്ധ്യാപിക | |
| അക്ഷരങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും, സർഗാത്മക രചനകൾ വികസിപ്പിക്കാനും അവസരങ്ങൾ നൽകുക. | വായനോത്സവം സംഘടിപ്പിക്കൽ<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>അനുകാലിക പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തൽ | June — March | മലയാളം അദ്ധ്യാപിക. | |

# English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക. | ഇംഗ്ലീഷിലുള്ള ചെറിയ പുസ്തകങ്ങൾ (short story, poem) വായിപ്പിക്കുന്നു. | June – March. | Teachers | – |
| | Spoken English class നടത്തുക | ശനിയാഴ്ചകൾ | English Teacher | – |
| | English പ്രസംഗം Public Speaking English Assembly. | | | – |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ English ഭാഷാ വികസനത്തിന് പ്രയോജനം ചെയ്യുന്നു. | English film കാണുവാനുള്ള അവസരം, | അക്കാദമിക വർഷത്തിൽ ഒന്ന് | PTA, Teachers | |

# ഹിന്ദി



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠംഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 4) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരങ്ങൾ മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിന് വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി ഓരോന്നും പഠിപ്പിക്കും. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| 5) ഹിന്ദിവായന - തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

## ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികളിലും ശാസ്ത്ര അവബോധം വളർത്തിയെടുക്കുക. | ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ശാസ്ത്ര സെമിനാറുകൾ, ശാസ്ത്രദിനാചരണങ്ങൾ, സയൻസ് ക്വിസ്, സയൻസ് പ്രോജക്ട്, | ജൂൺ മുതൽ യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | |
| • സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം. | • വിവിധ ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ തയ്യാറാക്കൽ, • ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ. | ആദ്യ ടേം | ശാസ്ത്രാധ്യാപകർ. | |
| • പ്രയാസമേറിയ ശാസ്ത്ര പാഠഭാഗങ്ങൾ ലളിതമായി പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ എത്തിക്കുക. | എല്ലാ കുട്ടികൾക്കും ഇണങ്ങുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, സെമിനാറുകൾ | ആദ്യ ടേം | ശാസ്ത്രാധ്യാപകർ | |
| • ശാസ്ത്ര മേള മത്സരങ്ങൾ | സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം, ശാസ്ത്രജ്ഞരുമായി അഭിമുഖം. | രണ്ടാം ടേം. | ശാസ്ത്രാധ്യാപകർ | |

# സാമൂഹ്യശാസ്ത്രം



| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ചരിത്രബോധം, മൂല്യബോധം ഇവ വളർത്തുക ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക. | സ്കൂൾ പാർലമെന്റ്, ചർച്ചകൾ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നു. | അക്കാദമിക വർഷത്തിലെ തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2. | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 3. | കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനായി പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ്, ദിനാചരണങ്ങൾ, സംവാദം, വീഡിയോ പ്രദർശനം തുടങ്ങിയവ നടത്തുക | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 4. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 5. | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. | പ്രോജക്ട്, സംവാദം, അഭിമുഖങ്ങൾ, ചർച്ചകൾ, സർവ്വേ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

# ഗണിതം



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) എല്ലാകുട്ടികളിലും ഗണിതശാസ്ത്രത്തിൻ്റെ അടിസ്ഥാനാശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | 1) പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ്, മൂല്യനിർണ്ണയം 2) പരിഹാര ബോധനത്തിനായി പഠനഗ്രൂപ്പിംഗ് ബോധന സാമഗ്രികൾ തയ്യാറാക്കുക. | ജൂൺ-ജൂലൈ | ഗണിത അധ്യാപകർ | |
| 2) എല്ലാകുട്ടികളിലും TLM കിറ്റ്, ക്ലാസ്സുകളിൽ ഗണിത കോർണർ സംഘടിപ്പിക്കുന്നു. | ശില്പശാലകളിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠനസാമഗ്രികളുടെ നിർമ്മാണവും ശേഖരണവും. | ജൂൺ - ജൂലൈ | ഗണിത അധ്യാപകർ | |
| 3) ഗണിതശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉന്നതിയിൽ എത്തിക്കുക | ലളിതമായ മൊഡ്യൂളുകൾ നൽകി താൽപര്യം ഉളവാക്കുന്നു, ഗ്രൂപ്പ്പ്രവർത്തനങ്ങൾ, സ്വയം ചെയ്യൽ | ആദ്യ ടേം | ഗണിത അധ്യാപകർ | |
| 4) ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്താൻ | സ്കോളർഷിപ്പ് പരീക്ഷകൾക്ക് ഉള്ള പരിശീലനം, ക്ലബ്ബിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുക. | രണ്ടാം ടേം | ഗണിത അധ്യാപകർ | |

# മേഖല - ആരോഗ്യ- കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| • കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടികളുടെ കായിക ശേഷി നേടിയെടുക്കാനുള്ള ചില വിദ്യകൾ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മുടങ്ങാതെ വർക്ക് ചെയ്യിപ്പിക്കുന്നതിനും, കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി Aerobics, യോഗ തുടങ്ങിയവ പരിശീലിപ്പിക്കുന്നു. | June - March | അദ്ധ്യാപിക |
| • കായിക മത്സരങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി School-തലത്തിൽ പരിശീലനം നൽകുക. | കുട്ടികളുടെ അഭിരുചി മനസ്സിലാക്കി training നൽകുന്നു. | Drill periods, Holidays. | — |